## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 541 28.02.2017- ൽ മറുപടിക്ക്**

### "കെ.എസ്.ഐ. ഇ.യിലെ എം.ഡി. നിയമനം"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തേക്ക് റിയാബ് ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്ന ആരെയെങ്കിലും കെ.എസ്.ഐ.ഇ.യുടെ എം.ഡി. സ്ഥാനത്തേക്ക് നിയമിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ആരെയെന്നും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നു വെന്നും വെളിപ്പെടുത്തുമോ; | എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തേക്ക് റിയാബ് ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്ന ആരെയും കെ.എസ്.ഐ.ഇ.യുടെ എം.ഡി. സ്ഥാനത്തേക്ക് നിയമിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നില്ല. |
| ബി) | കെ.എസ്.ഐ.ഇ. യുടെ എം. ഡി. ആയി നിയമിതനായ ശ്രീ. സുധീർ നമ്പ്യാരുടെ പരീക്ഷാ യോഗ്യത എന്തൊക്കെയാണ്; റിയാബ് ഷോർട്ട് ലിസ്റ്റ് ചെയ്ത വ്യക്തികളിൽ നിന്നും സുധീറിനുള്ള അധിക യോഗ്യത എന്തായിരുന്നു; | ബി) & സി) | ശ്രീ. സുധീറിന് കെ.എസ്.ഐ.ഇ യിൽ മാനേജിംഗ് ഡയറക്ടറായി നിയമനം നൽകിയതുമായി ബന്ധപ്പെട്ട ഫയൽ (വ്യവ-ബി1/307/16-വ്യവ) അന്വേഷണാർത്ഥം വിജിലൻസ് വകുപ്പിന് കൈമാറിയിരിക്കുന്നതിനാൽ പ്രസ്തുത വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. |
| സി) | സുധീറിന്റെ നിയമനം റദ്ദ് ചെയ്തുകൊണ്ടുള്ള കത്ത് മുൻ വ്യവസായമന്ത്രി എന്നാണ് നൽകിയത്; പ്രസ്തുത കത്തിന്റെ വെളിച്ചത്തിൽ സുധീറിന്റെ നിയമന ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്; ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ